പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 768 — 23.07.2012-ൽ മറുപടിയ്ക്ക്

## പൂഞ്ചി കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്ക്<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് പഠിക്കാൻ നിശ്ചയിക്കപ്പെട്ട പൂഞ്ചി കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ; | (എ) പരിഗണനാവിഷയങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഇതിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ടുവച്ച കാര്യങ്ങൾ എന്തൊക്കെയായിരുന്നു; | (ബി) കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിന്മേൽ, സംസ്ഥാന പ്ലാനിംഗ് ബോർഡും, വിവിധ വകുപ്പുകളും ലഭ്യമാക്കിയ വിവരങ്ങളെ അടിസ്ഥാനമാക്കി വിശദമായ ഒരു റിപ്പോർട്ട് കമ്മീഷന്റെ പരിഗണനയ്ക്ക് അയച്ച് കൊടുക്കുകയുണ്ടായി. ഇതിന് പുറമെ കമ്മീഷന്റെ കരട് പ്രശ്നാവലി (Draft Questionnaire) യിലും അന്തിമ പ്രശ്നാവലി (Final Questionnaire) യിലുമുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും നിർദ്ദേശങ്ങളും വിവിധ വകുപ്പുകളിൽ നിന്ന് ലഭിച്ച വിവരങ്ങളെ ആസ്പദമാക്കി സർക്കാരിന്റെ സമാഹൃതാഭിപ്രായമായി കമ്മീഷന് നല്കിയിട്ടുണ്ട് (പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| (സി) യു.പി.എ. മിനിമം പരിപാടിയിൽ 'സാമൂഹ്യമേഖലാ നിക്ഷേപം' വർദ്ധിപ്പിക്കാൻ സംസ്ഥാനങ്ങളെ | (സി) ഉണ്ട്. |

പ്രാപ്തമാക്കുംവിധത്തിൽ സംസ്ഥാനങ്ങളുടെ വായ്പാ ഭാരം ഇല്ലാതാക്കുന്നതിന് കേന്ദ്ര നികുതികളിൽ നിന്നുള്ള വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള സമീപനം സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യം പരിഗണനാ വിഷയമായി കേന്ദ്ര സർക്കാർ എടുത്ത് പറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) "ഇക്കാര്യം പ്രത്യേക ഇനമായി പരിഗണനാ വിഷയമെന്ന നിലയിൽ അക്കമിട്ട് എടുത്ത് പറഞ്ഞിട്ടില്ലെങ്കിലും, ജനങ്ങളുടെ ക്ഷേമവും, സാമൂഹിക സാമ്പത്തിക പുരോഗതിയും മുൻനിർത്തി നിലവിലുള്ള കേന്ദ്ര-സംസ്ഥാന ക്രമീകരണങ്ങളിൽ (വിഭവങ്ങളുടെ പങ്കുവെക്കൽ, സാമ്പത്തിക ബന്ധങ്ങൾ എന്നിവ ഉൾപ്പെടെ) ആവശ്യമായ മാറ്റങ്ങളെപ്പറ്റി ശുപാർശ ചെയ്യുക എന്നത് കമ്മീഷന്റെ പരിഗണനാ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. "

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**